**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. രവീന്ദ്രൻ. ആർ ന് കൊട്ടാരക്കര ലോട്ടസ് ആശുപത്രിയിൽ ഹൃദയ സംബന്ധമായ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം. 2387/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 13.07.2017

---

പരാമർശം : 1) 11/07/12 ലെ 26423/G2/2012/H&FWD നമ്പർ സർക്കുലർ.

2) ശ്രീ. രവീന്ദ്രന്റെ 12/03/2015 ലെ അപേക്ഷയും ബില്ലുകളും.

3) പഞ്ചായത്ത് ഡയറക്ടറുടെ 11/01/2016,16/05/2017 എന്നീ തീയതികളിലെ എഫ് 2-19910/2015 നമ്പർ കത്തുകൾ.

4) ഇടവ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13.03.2013 ലെ 5/06-ാം നമ്പർ തീരുമാനം.

5) ആരോഗ്യവകുപ്പ് ഡയറക്ടറുടെ 28.03.2017 ലെ എം.ആർ4 (എൽ.ഡിസ്) 454/2017/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. രവീന്ദ്രൻ. ആർ ന് കൊട്ടാരക്കര ലോട്ടസ് ആശുപത്രിയിൽ ഹൃദയ സംബന്ധമായ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം (5) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 58,301/- രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 46,641/- രൂപ (നാല്പത്തി ആറായിരത്തി അറുന്നൂറ്റി നാല്പത്തിയൊന്ന് രൂപാ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തുക ഇടവ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത, എന്നിവ ഉറപ്പുവരുത്തി തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. രവീന്ദ്രൻ. ആർ ന് കൊട്ടാരക്കര ലോട്ടസ് ആശുപത്രിയിൽ ഹൃദയ സംബന്ധമായ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവിൽ അനുവദനീയമാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ 58,301/- രൂപയുടെ 80% ആയ 46,641/- രൂപ (നാല്പത്തി ആറായിരത്തി അറുന്നൂറ്റി നാല്പത്തിയൊന്ന് രൂപാ മാത്രം) പ്രത്യേക കേസ്സായി പരിഗണിച്ച് ഇടവ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**വി.പി. ശ്രീജിത്**
**ഗവ. അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി, ഇടവ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
ശ്രീ. രവീന്ദ്രൻ ആർ, ഓഫീസ് അറ്റൻഡന്റ്, ഇടവ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (10/11/2016 ലെ യു.ഒ.നം.4198/G2/2016/H&FWD പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര-പൊതുജന സമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No. 349/EPA3/16/LSGD)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ